സാമൂഹ്യ ജലസേചനപദ്ധതിയിൽ മാറ്റം വേണമെന്ന ആവശ്യം

498 [679] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നല്ല മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യജലസേചനപദ്ധതിയിൽ കാര്യമായ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജലദൗർലഭ്യമുള്ള സ്ഥലങ്ങളെയാണ് പ്രധാനമായും പദ്ധതിയിൽ കൊണ്ടുവരുന്നത്. ആയതിനാൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. ധാരാളം നദികളും തോടുകളും കായലുകളും ഇവിടെ ഉണ്ടെങ്കിലും കാർഷികമേഖലയ്ക്കു വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല. അതിനാൽ ഭൂഗർഭജലവും ഉപരിതലജലവും പരമാവധി ചൂഷണം ചെയ്തു കൂടുതൽ കൃഷിയിടങ്ങൾക്ക് ജലസേചനസൗകര്യം വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്.

സാമൂഹ്യ ജലസേചനപദ്ധതിക്ക് നീക്കി വച്ച സംഖ്യ

499 [680] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച പുതിയ സാമൂഹ്യ ജലസേചന പദ്ധതിക്കുവേണ്ടി എത്ര സംഖ്യ ഈ സാമ്പത്തിക വർഷത്തിൽ നീക്കിവച്ചിട്ടുണ്ട് ; കൃഷിക്കാർക്കിടയിൽ വേണ്ടത്ര പ്രചരണം നടത്തിയിട്ടില്ലാത്തതുകൊണ്ട് ഇതിനു അപേക്ഷ സമർപ്പിക്കാനുള്ള സമയം നീട്ടികൊടുക്കുമോ ;

(ബി) അപേക്ഷകൾ തിരഞ്ഞെടുക്കുന്നതിനു എന്തെങ്കിലും ജനകീയ സംവിധാനം ഏർപ്പെടുത്താമോ?

ഉത്തരം

(എ) ബഡ്ജറ്റിൽ സാമൂഹ്യ ജലസേചനത്തിനും മൈനർ ഇറിഗേഷൻ ലോലികൾക്കും വക കൊള്ളിച്ചിരിക്കുന്ന തുകയിൽ ഒരു ഭാഗവും ലഭ്യമായ മറ്റു വിഭവങ്ങളും ഇതിലേയ്ക്ക് വിനിയോഗിക്കുവാൻ കഴിയുന്നതാണ്. കൂടുതലായി എത്ര തുക സമാഹരിക്കുവാൻ കഴിയുമെന്ന കാര്യം പരിശോധിച്ചു വരുന്നു. കൃഷിക്കാർക്കിടയിൽ വിവിധ വാർത്താമാദ്ധ്യമങ്ങൾ മുഖേന വേണ്ടത്ര പ്രചാരണം കൊടുത്തിരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 10 ആയിരുന്നെങ്കിലും 30-9-1986 വരെ കിട്ടിയ എല്ലാ അപേക്ഷകളും പരിഗണിക്കുകയുണ്ടായി. എല്ലാ ജില്ലകളിൽ നിന്നും ധാരാളം അപേക്ഷകൾ ലഭിച്ചു. ആ നിലയ്ക്കു ഇനി അപേക്ഷ സമർപ്പിക്കാനുള്ള സമയം നീട്ടിക്കൊടുക്കുവാൻ ഉദ്ദേശമില്ല.

(ബി) എല്ലാ ജില്ലകളിലും സാമൂഹ്യ ജലസേചനപദ്ധതിയെക്കുറിച്ചുള്ള കർഷക ചർച്ചകൾ ഇതിനകം നടന്നു കഴിഞ്ഞു. ഉപഭോക്താക്കളായ കർഷകർ, ജനപ്രതിനിധികൾ (M.L.As.) ജില്ലാ കളക്ടർമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തിരുന്നു. അവരുടെ അഭിപ്രായങ്ങളും പരിഗണിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly